(ബി) ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദുർബലവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ഭവനനിർമ്മാണ പുനരധിവാസ പദ്ധതിപ്രകാരം കിളിമാനൂർ പഞ്ചായത്തിൽ നിന്നുള്ള അപേക്ഷകരിൽ 25 പേർക്ക് ഒന്നാം ഗഡുവായ 1500 രൂപ വീതം നൽകിയിട്ടുണ്ട്. വീട് നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണപദ്ധതി പ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷെ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ കിളിമാനൂർ പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

പള്ളിക്കൽ പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

835 [1811] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ പുനരധിവാസ പദ്ധതി പ്രകാരം ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി എത്ര വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(സി) ദുർബലജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) പള്ളിക്കൽ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 31 എണ്ണം അനുവദിച്ചിട്ടുള്ളതും അവർക്ക് ഒന്നാം ഗഡുവായ 1500 രൂപാ വീതം നൽകിയിട്ടുള്ളതുമാകുന്നു. 17 പേർക്ക് രണ്ടാം ഗഡുവായ 2500 രൂപാവീതം നൽകിയിട്ടുണ്ട്. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷെ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ പള്ളിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

കിളിമാനൂരിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ

836. [1812] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ വീടു വെച്ച് കൊടുക്കാമെന്നു പറഞ്ഞ് ഉണ്ടാക്കിയിരുന്ന കുടിലുകൾ പൊളിച്ചു കളഞ്ഞതുമൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര?

(ബി) ഇതിന് ഉത്തരവാദിയായിട്ടുള്ളവർ ആരൊക്കെയാണ്;

(സി) ഇവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇവർക്ക് പകരം വീട് വെച്ചുകൊടുക്കുന്ന പരിപാടി ഏതു ഘട്ടംവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ വീടു വെച്ചുകൊടുക്കാമെന്നുപറഞ്ഞ് ഉണ്ടായിരുന്ന കുടിലുകൾ പൊളിച്ചു കളഞ്ഞതുമൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഇല്ല.

(ബി, സി, ഡി) എ. വിഭാഗത്തിലുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികൾക്കും കർഷക തൊളിലാളികൾക്കും സൗജന്യ റേഷൻ

837 [1814] ശ്രീമതി. ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സൗജന്യ റേഷൻ നൽകുന്നതിനെ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളനുസരിച്ച് തൊഴിൽരഹിതരായ കശുവണ്ടി തൊഴിലാളികൾക്കും കർഷകതൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly